## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*147 06/03/2020- ൽ മറുപടിയ്ക്ക്

### കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകരക്ഷ

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു
ശ്രീ. പി.കെ. ശശി
ശ്രീ. സി.കെ. ഹരീന്ദ്രൻ
ശ്രീ. പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ. വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) ഉല്പാദന ചെലവിനനുസരിച്ച് കാർഷികോല്പന്നങ്ങളുടെ വില നിർണ്ണയിക്കുമെന്ന കേന്ദ്ര ഭരണാധികാരികളുടെ വാഗ്ദാനം പ്രാവർത്തികമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എ) ഉൽപ്പാദന ചെലവിനനുസരിച്ച് കാർഷികോല്പന്നങ്ങളുടെ വില നിർണ്ണയിക്കുന്നതിന് കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് ശുപാർശ ചെയ്തിട്ടുള്ള നെല്ല്, കൊപ്ര എന്നീ കാർഷിക ഉത്പന്നങ്ങൾക്ക് താങ്ങുവില നിലവിൽ കേരളത്തിൽ ലഭിച്ചു വരുന്നുണ്ട്.

(ബി) അപ്രായോഗികതയും സാമ്പത്തിക ദുർബലസ്ഥിതിയും കാരണം കാർഷികോല്പന്നങ്ങൾ ഏറെക്കാലം പിടിച്ചു വയ്ക്കാനാകാത്തതിനാൽ, വൻകിട കമ്പനികൾ ഉൾപ്പെടെയുള്ള ഇടനില വ്യാപാരികളുടെ ചൂഷണത്തിന് വിധേയരാകുന്ന കർഷകരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിന് അവരെ കാർഷിക സംരംഭകരാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) കാർഷികോൽപന്നങ്ങളുടെ സംസ്കരണത്തിനും, മൂല്യവർദ്ധനവിനുമായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന, ചെറുകിട, സൂക്ഷ്മതല, ഇടത്തരം സംരംഭകർക്ക് ധനസഹായം താഴെപ്പറയും പ്രകാരം നൽകിവരുന്നു.

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ് സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 56 കോടി വരെ | 30% പരമാവധി 50 ലക്ഷം |

മൂല്യവർദ്ധന പ്രോത്സാഹന പദ്ധതികളുടെ സബ്സിഡികൾ സംരംഭകരുടെ വായ്പ

അക്കൗണ്ടിലേയ്ക്ക് നൽകുന്നു. വ്യക്തിഗത, പങ്കാളിത്ത സ്വയം സഹായസംഘങ്ങൾ, സംരംഭകർ, ഉത്പാദക സംഘങ്ങൾ എന്നിവർക്ക് സബ്സിഡിക്ക് അർഹതയുണ്ട്. കൂടാതെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംരംഭം തുടങ്ങുന്നതിന് സംരംഭകർക്ക് വിവിധ പരിശീലന പരിപാടികൾ SFAC സംഘടിപ്പിക്കുന്നുണ്ട്.

2016-2017 സാമ്പത്തികവർഷം മുതൽ സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും 'വൈഗ' എന്ന പേരിൽ അന്താരാഷ്ട്ര ശിൽപശാലയും, പ്രദർശനവും സംഘടിപ്പിക്കുന്നുണ്ട്.

കർഷകരുടെ വരുമാനം ഇരട്ടിക്കുന്നതിനുതകുന്ന തരത്തിൽ സംസ്കരണത്തിനും, മൂല്യവർദ്ധനവിനും ഉതകുന്ന അർത്ഥവത്തായ ഒരു പദ്ധതി എന്ന നിലയിൽ സംസ്ഥാനത്ത് 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനം ആയിട്ടുണ്ട്. നാളികേരം, പച്ചക്കറി, മാമ്പഴം, വാഴപ്പഴം-തേൻ എന്നീ വിള അധിഷ്ഠിത അഗ്രോപാർക്കുകൾ ആണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുന്നത്. സംസ്കരണം, മൂല്യവർദ്ധനം, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയവയ്ക്കുള്ള ആധുനിക സാങ്കേതിക ഉപകരണങ്ങൾ, സാങ്കേതിക സഹായം ഉറപ്പ് വരുത്തുന്നതിനുള്ള ചുറ്റുപാടുകൾ എന്നിവയെല്ലാം ടി പാർക്കുകളിൽ ലഭ്യമാക്കുന്ന രീതിയിലാണ് നിർമ്മിക്കുന്നത്. ടി പാർക്കുകൾ സ്ഥാപിതമാകുന്നതോടെ, കാർഷിക മൂല്യവർദ്ധിത രംഗത്ത് വലിയ ഒരു മാറ്റം ഉണ്ടാക്കുവാനും, കർഷകരുടെ വരുമാനം ഇരട്ടിയാക്കുവാനും സാധിക്കുമെന്നാണ് പ്രത്യാശിക്കുന്നത്.

(സി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകരക്ഷ എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരത്തിലെത്തിയ കാലം മുതൽ പ്രതിവർഷം നടത്തുന്ന 'വൈഗ' എത്രമാത്രം പ്രയോജന പ്രദമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(സി) 2016-17 സാമ്പത്തികവർഷം മുതൽ സംസ്ഥാനത്ത് കാർഷികോൽപന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് 'വൈഗ' എന്ന പേരിൽ അന്താരാഷ്ട്ര ശിൽപശാലയും, പ്രദർശനവും നടത്തിവരുന്നുണ്ട്. കർഷകരിലും, യുവാക്കളിലും കാർഷിക സംരംഭകത്വം വളർത്തുന്നതിന് ഇത്തരം പരിപാടികൾ സഹായകരമാണ്. വൈഗയിൽനിന്നും പ്രാഥമിക അറിവ് നേടി വരുന്ന ആളുകൾക്ക് പരിശീലനം നൽകുവാനും, അഭിരുചിക്ക് അനുസരിച്ചുള്ള സംരംഭക മേഖലകൾ കണ്ടുപിടിക്കുവാനും അർഹമായ സാമ്പത്തിക ആനുകൂല്യം വായ്പാധിഷ്ഠിത സബ്സിഡി ആയി നൽകുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേനപദ്ധതി നടപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ 2016-2017 സാമ്പത്തിക വർഷം 25 ലക്ഷം രൂപയും 2018-2019-ൽ 113.17664 ലക്ഷം രൂപയും 2019-2020-ൽ 484.48703 ലക്ഷം രൂപയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സംരംഭങ്ങൾ തുടങ്ങുന്നതിന് SFAC മുഖേന സഹായം നൽകിയിട്ടുണ്ട്. ' വൈഗ ' പരിപാടിയിൽ പങ്കെടുത്ത് അറിവും പ്രചോദനവും ഉൾക്കൊണ്ട് 30 പേർ ഇതിനകം സംരംഭകരായി മാറിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**